


# Chicago Knanaya Catholic Parish Bulletin

Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153

St. Mary's Parish Unit, 5212 W. Agatite Ave, Chicago, IL 60630

October 14, 2007, Vol. 3, Issue 3

All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm


**ഒക്ടോബർ 15 മുതൽ 19 വരെയും 22 മുതൽ 26 വരെയും കമ്മ്യൂണിറ്റി സെന്ററിൽ വൈകുന്നേരം 7:00ന് കൊന്ത പത്ത് ഉണ്ടായിരിക്കും.**

**ഒക്ടോബർ 21 മിഷൻ ഞായർ. അന്ന് പ്രേഷിത പ്രവർത്തകർക്കുവേണ്ടി പ്രാർത്ഥിക്കുകയും മിഷൻ പ്രവർത്തനങ്ങൾക്ക്**
**സാമ്പത്തിക സഹായം നല്കുകയും ചെയ്യുക. അന്ന് ലേലം ഉണ്ടായിരിക്കും.**

## October 21st is Mission Sunday

## Next Issue: Photo feature of Mar Moolakkatt's visit.

## മരിച്ചവർക്കു വേണ്ടി വിശേഷാൽ ദിവ്യബലി

സകല മരിച്ചവരുടെ ഓർമ്മ ആചരിക്കുന്ന നവംബർ മാസത്തിൽ നമ്മുടെ ഇടയിൽ നിന്നു മരണം വഴി വേർപിരിഞ്ഞവർക്കു പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നു. നിങ്ങളുടെ പ്രിയ പരേതരുടെ പേരുകൾ എഴുതി ഒരാൾക്കു പത്തു ഡോളർ വീതമോ അതിലധികമോ ഇട്ട് പള്ളിയിൽ ഏല്പിക്കുക. ആ തുക ക്നാനായ സെമിത്തേരിയുടെ ഗ്രോട്ടോയുടെ ചിലവിന് ഉപയോഗിക്കുകയും എൻവലപ്പ് അൾത്താരയിൽ വച്ച് നവംബർ മുഴുവൻ അവർക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നതുമാണ്.

ഒന്നാം തീയതി വ്യാഴാഴ്ച വൈകുന്നേരം ഏഴിന് കമ്മ്യൂണിറ്റി സെന്ററിലും മൂന്നാം തീയതി ശനിയാഴ്ച രാവിലെ 10ന് ക്നാനായ പള്ളിയിലും പ്രത്യേക ദിവ്യബലി ഉണ്ടായിരിക്കും മുൻ വർഷങ്ങളിലേതു പോലെ പരേതരുടെ ചിത്രങ്ങൾ കൊണ്ടുവന്ന് അൾത്താരയ്ക്കു സമീപം വയ്ക്കാവുന്നതാണ്. മൂന്നാം തീയതി ഇടവക പള്ളിയിലെ ദിവ്യബലിയ്ക്കു ശേഷം ക്നാനായ സെമിത്തേരിയിൽ പൊതു ഒപ്പീസ് ഉണ്ടായിരിക്കും.






Knanaya Region Priests offering Holy Mass along with Bishop Mar Jacob Angadiath in our parish church on September 28th.

## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***

**For a list of all Voluntary Staff, please visit:**
***www.knanayaregion.us/chicago/staff.htm***

## HOLY MASS

**SUNDAY 10:00 A.M. at Knanaya Church**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**YOUTH MASS at 11:30 A.M. at Knanaya Church**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M. at Knanaya Church**
**SATURDAY 10:00 A.M. at Knanaya Church**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 at Knanaya Church**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass at Knanaya Church**
**CHILDREN: Every 2nd and 4th Friday after Holy Mass.**

## RECONCILIATION / CONFESSION

**First Saturdays from 10:00 A.M. at Knanaya Church.**

## NOVENAS

**B.V. Mary after Saturday Mass at Knanaya Church.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after Mass at Knanaya Church.**

## PRAYER GROUP

**Sundays after 10:00 A.M. Mass**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**Saturdays after 10:00 A.M. Mass.**

## MEN'S & WOMEN'S MINISTRIES

**First Friday evenings after Holy Mass**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass**

## THEOLOGY COURSE

**Third Tuesdays at 6:30 P.M.**




# Schedule of Events

### SATURDAY, OCTOBER 13, 2007

Mass and Novena at Parish Church at 10:00 A.M.
**St. Mary's Religious Education School Teachers' Trainning at KCS Community Center from 1:00 P.M.**

### SUNDAY, OCTOBER 14, 2007

Religious Education classes and Malayalam Holy Mass at 10:00 A.M.
Youth Mass and adult meetings from 11:30 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

### MONDAY, OCTOBER 15-19, 2007

തിങ്കൾ മുതൽ വെള്ളിവരെ അടുത്ത രണ്ടാഴ്ച കമ്മ്യൂണിറ്റി സെന്ററിൽ കൊന്ത പത്ത്.

Mass & Rosary at Community Center at 7:00 P.M

### THURSDAY, OCTOBER 18, 2007

വി. ലൂക്കാശ്ലീഹായുടെ തിരുന്നാൾ ദിവസം.

Mass, Novena & Rosary at Community Center at 7:00 P.M.

### FRIDAY, OCTOBER 19, 2007

Mass and **Novena of St. Michael** at 7:00 P.M.

### SATURDAY, OCTOBER 20, 2007

Mass and Novena at Parish Church at 10:00 A.M.

### SUNDAY, OCTOBER 21, 2007

മിഷൻ ഞായർ / Mission Sunday Second Collection

Religious Education classes and Malayalam Holy Mass at 10:00 A.M.
Youth Mass and adult meetings from 11:30 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

### MONDAY, OCTOBER 22-26, 2007

തിങ്കൾ മുതൽ വെള്ളിവരെ കമ്മ്യൂണിറ്റി സെന്ററിൽ കൊന്ത പത്ത്.

### THURSDAY, OCTOBER 25, 2007

Mass, Novena & Rosary at Community Center at 7:00 P.M.

### FRIDAY, OCTOBER 26, 2007

Mass and **Adoration for children** at 7:00 P.M.

### SATURDAY, OCTOBER 27, 2007

Mass and Novena at Parish Church at 10:00 A.M.

### SUNDAY, OCTOBER 28, 2007

വിശുദ്ധ യൂദാശ്ലീഹായുടെ തിരുന്നാൾ ദിവസം.

Religious Education classes and Malayalam Holy Mass at 10:00 A.M.
Youth Mass and adult meetings from 11:30 A.M.
Religious Education Class at OLV at 3:45 P.M.
Baptism and Mass at OLV at 5:30 P.M.

### THURSDAY, NOVEMBER 1, 2007

സകല വിശുദ്ധരുടെ തിരുന്നാൾ ദിവസം.

കമ്മ്യൂണിറ്റി സെന്ററിൽ സകല മരിച്ചവരുടെ ഓർമ്മ ആചരണം.

Memorial Mass and Novena at Community Center at 7:00 P.M.

# വികാരിയുടെ സന്ദേശം



## പൊങ്ങച്ച സംസ്കാരത്തിന്റെ കാറ്റൂതിവിടാൻ സമയമായില്ലേ?

എന്റെ പ്രിയ സഹോദരങ്ങളേ,

അല്പന് അർത്ഥം കിട്ടിയാൽ പാതിരാത്രിയ്ക്കു കൊടപിടിയ്ക്കുമെന്നൊരു ചൊല്ലുണ്ട്. അത്തരക്കാരെ കണ്ടെത്തുവാൻ നമ്മൾ മറ്റെങ്ങും പോകേണ്ട; നാമൊരു നിലക്കണ്ണാടിയുടെ മുമ്പിൽ നിന്നാൽ മതി. നമ്മുടെ മുഖത്തെ വൃത്തികേട് നാം നേരിൽ കാണാറില്ലല്ലോ. മറ്റുള്ളവരേ അതു കാണാറുള്ളൂ. അതു സ്വയം കണ്ണാടിയിൽ കാണാതെ മറ്റൊരാൾ പറഞ്ഞാൽ പറയുന്നവനോടാണു നമുക്കു ദേഷ്യം വരുക. ഇന്നത്തെ നമ്മുടെ അമിതമായി വീർത്ത് പൊട്ടാറായ പൊങ്ങച്ച സംസ്കാരത്തിനു മുമ്പിൽ കണ്ണാടി പിടിയ്ക്കുമ്പോൾ പ്രിയപ്പെട്ടവരേ നിങ്ങൾ കണ്ണാടിയോടൊ അതു പിടിച്ചുതരുന്ന എന്നോടോ ദേഷ്യപ്പെടരുത്. ആരെയും പ്രത്യേകമായി ഉദ്ദേശിച്ചല്ല ചില ഉദാഹരണങ്ങൾ നിരത്തുന്നത്. ഞാനും ഈ സംസ്കാരത്തിന്റെ ഭാഗം തന്നെയാണെന്നു സമ്മതിക്കുന്നു.

നമ്മുടെ വിവാഹം തന്നെ ഉദാഹരണമായെടുക്കാം. ലാസ് വേഗാസ് ഷോകളെ അതിശയിപ്പിക്കുന്ന വിധമായിരിക്കുന്നു നമ്മുടെ വിവാഹാചാരങ്ങൾ. ഈ പോക്കുപോയാൽ വിവാഹത്തിൽ പങ്കെടുക്കുന്ന അപ്പച്ചനമ്മച്ചിമാരെവരെ നൃത്തവും അഭിനയവും സ്റ്റാൻഡപ്പ് കോമഡിയും പഠിപ്പിക്കേണ്ടിവരും. അന്യ മതസ്ഥരും ഈശ്വരവിശ്വാസമില്ലാത്തവരും ഉൾക്കൊള്ളുന്ന യുവതികളുടെ അർദ്ധനഗ്ന ശരീര പ്രദർശനത്തോടെ വധൂവരന്മാരുടെ ആഘോഷമായ ദൈവാലയ പ്രദർശനം കാണുമ്പോൾ ക്രിസ്തു ചാട്ടവാറെടുക്കുവാൻ സക്രാരിയിൽ നിന്നു വെമ്പൽ കൊള്ളുന്നുണ്ടാകും. ക്നാനായ പാരമ്പര്യങ്ങളിൽ അഭിമാനം കൊള്ളുന്ന നാം അവയെ ഒരു മൂലയിലേയ്ക്കു മാറ്റി അമേരിക്കൻ സംസ്കാരത്തിന്റെ ഘോഷയാത്ര ബാങ്ക്വറ്റ് ഹാളിൽ നടത്തുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ക്ഷണിച്ച് ഹൃദ്യവും ലളിതവും എന്നാൽ രുചികരവുമായ ഭക്ഷണം നല്കുന്നതിനുപകരം സീറ്റ് റിസർവേഷൻ നടത്തി കാരണവന്മാരെയും കുട്ടികളെയും ഒഴിവാക്കി സദ്യയൊരുക്കുന്നു. ബാങ്ക്വറ്റ് ഹോളിലെ ലാസ് വേഗാസ് മോഡൽ ഷോകളും സിനിമാ പ്രദർശനവും സ്റ്റാൻഡപ്പ് കോമഡിയും ഹിന്ദി സിനിമകളെ വെല്ലുന്ന സംഘനൃത്തവും കഴിയുമ്പോൾ ഉച്ചയ്ക്കു മുമ്പേ മെയ്ക്കപ്പ് ചെയ്ത് വീട്ടിൽ നിന്നിറങ്ങിയ ഡയബെറ്റിക് പേഷ്യന്റ്സ് ഉൾപ്പെടെയുള്ള അതിഥികൾ ഒരിറ്റ് ആഹാരത്തിനുവേണ്ടി കൊതിപൂണ്ടിരിക്കുന്നു. ഭക്ഷണം രാത്രി 9:30 കിട്ടിയാൽ ഭാഗ്യം. വൈകുന്നേരം 5:30ന് അത്താഴം കഴിച്ചുശീലിച്ച അമേരിക്കൻ അതിഥികൾക്കു മനസ്സിലാക്കാനാവാത്ത ഒരു സൽക്കാരമുറ. ഒരു പുരുഷായുസ്സു മുഴുവൻ നേടിയ സമ്പാദ്യം മുടക്കിയാലും വിവാഹം നടത്താനാവാത്ത അവസ്ഥ. അതിനാലാണ് പലരും നാട്ടിൽപോയി അവിടുത്തെ രീതിയ്ക്ക് അടിപൊളി വിവാഹം നടത്തുന്നത്.

**മക്കളുടെ ആത്മീയ വളർച്ചയ്ക്കും നമ്മുടെ അജപാലന ഉന്നമനത്തിനും ഉപവി പ്രവർത്തനങ്ങൾക്കും പണമില്ലെന്നു പറയുന്നവർ, മക്കളുടെ നിർബന്ധം കൊണ്ടെങ്കിലും വെടിക്കെട്ടുപോലെ നിമിഷനേരംകൊണ്ട് തങ്ങളുടെ സമ്പാദ്യം മുഴുവൻ ആഘോഷങ്ങൾക്കുവേണ്ടി പൊടിച്ചു തീർക്കുന്നത് എത്രയോ വൈരുദ്ധ്യമാണ്. സോഷ്യൽ പ്രഷറിൽ നിവൃത്തികേടുകൊണ്ടാണ് ചിലരെങ്കിലും അങ്ങനെ ചെയ്തു പോകുന്നത്.**

ഏതാനും നാളുകൾക്കു മുൻപ് നമ്മുടെ പള്ളിയിലെ സജീവ പ്രവർത്തകരായ ഏതാനും പേരുമായി സംസാരിച്ചപ്പോൾ ഒരാൾ പറഞ്ഞു: "ഇപ്പോൾ നമ്മുടെ കുട്ടികളുടെ വിവാഹ ചിലവുകൾ അന്യായമായി വർദ്ധിച്ചിരിക്കുന്നു. ഓരോ ഭവനത്തിൽനിന്നും പങ്കെടുക്കുന്നവരെ രണ്ടു മാത്രമായി പരിമിതപ്പെടുത്തിയിരുക്കുന്നതിനാൽ കുട്ടികളെയും കാരണവന്മാരെയും പങ്കെടുപ്പിക്കുവാൻ പറ്റുന്നില്ല." അതോടു കൂട്ടിച്ചേർത്തു മറ്റൊരാൾ പറഞ്ഞു: "നമ്മുടെ നാടൻ രീതിയിലുള്ള വിവാഹാഘോഷങ്ങൾ ഇവിടെയും വേണം. കുടുംബാംഗങ്ങൾ മുഴുവൻ പങ്കെടുത്ത് ഭാരതീയ ശൈലിയിലുള്ള അന്തരീക്ഷം സൃഷ്ടിക്കണം. വലിയ ബാങ്ക്വറ്റ് ഹാളുകളും അമേരിക്കൻ സദ്യയും അമേരിക്കൻ ആചാരങ്ങളും ഒഴിവാക്കി ക്നാനായ രീതിയിൽ മാത്രമായി നടത്തണം." അപ്പോൾ അതോടു വിയോജിച്ചുകൊണ്ട് ഒരാൾ പറഞ്ഞു: "നമ്മളിതൊക്കെ പറയും. പ്രായപൂർത്തിയായ കുട്ടികളാണു വിവാഹം കഴിക്കുന്നത്. അവർ നമ്മൾ പറയുന്നതുപോലെ കേൾക്കില്ല. അവരുടെ കൂട്ടുകാരുടെ മോഡലിലേ അവർ വിവാഹം നടത്തൂ. ഒരു കല്യാണം കഴിയുമ്പോൾ പാപ്പരത്വത്തിന് അപേക്ഷിക്കേണ്ട ഗതികേടുവരെ എത്താറുണ്ട്."

തുടർന്നു കുട്ടികളുടെ പീയർ പ്രഷറും മാതാപിതാക്കളുടെ നിസ്സഹായാവസ്ഥയും ചർച്ചാ വിഷയമായി. ചർച്ച അവസാനം ചെന്നെത്തിയത് പരസ്പര ധാരണയിലാണ്. ഇന്നത്തെ രീതിയിൽ നമ്മുടെ ഇടവക പള്ളിയിലെ കുട്ടികളുടെ പരിശീലനം തുടർന്നാൽ ക്രമേണ വിവാഹം നമ്മുടെതന്നെ പള്ളിയിലും യൂത്തു സെന്ററിലുമായി ചുരുങ്ങിയ ചിലവിലും ഏറ്റം ഹൃദ്യമായും നടത്തുവാനൊക്കും. ഏവരും സമ്മതിച്ച കാര്യം. **നമ്മുടെ സ്വന്തം പള്ളിയിൽ വാരാന്ത്യത്തിൽ മണിക്കൂറുകൾ ചിലവഴിച്ചു നമ്മുടെ കുഞ്ഞുങ്ങൾ വളരുവാൻ തുടങ്ങിയതോടെ വ്യത്യസ്തമായൊരു അമേരിക്കൻ ക്നാനായ കത്തോലിക്കാ സംസ്കാരം നമ്മുടെ പുതിയ തലമുറയിൽ സംജാതമാകുന്നു. ഇതു പണ്ടേ വേണ്ടതായിരുന്നു. എത്രയോ യുവതീയുവാക്കളും അവരുടെ വരും തലമുറകളുമാണ് നമുക്ക് ഈ രീതിയിൽ വളരാതെ സഭയിൽനിന്നും സമുദായത്തിൽനിന്നും വിട്ടുപോയത്. അടയ്ക്കാ ആകു മ്പോഴല്ലേ മടിയിൽ വയ്ക്കാനൊക്കൂ.**

ഈയിടെ ഒരാൾ 2,500 ഡോളറിന്റെ ചെക്ക് അഗാപ്പെ

(Continued on page 4)

### നുറുങ്ങുവെട്ടം



**ആർഭാടം വർദ്ധിപ്പിച്ചാൽ**
**ആനന്ദം ലഭിക്കണമെന്നില്ല.**
**പാവപ്പെട്ടവരെ**
**സംതൃപ്തരാക്കിയാൽ നാമും സംതൃപ്തരാക്കപ്പെടും**

# വന്ന വഴികൾ മറക്കാതെ ഇടവകയോടു യോജിച്ചു നില്ക്കുക.



**കെ.റ്റി.മാത്യു കണ്ടാരപ്പള്ളിൽ**

ക്നാനായക്കാർ ലോകത്തിൽ എവിടെ ആയിരുന്നാലും ഒരുമിച്ചു നില്ക്കുവാനും തങ്ങളുടെ തനിമയും പാരമ്പര്യങ്ങളും കാത്തുസൂക്ഷിക്കുവാനുമുള്ള വ്യഗ്രത പ്രശംസനീയമാണ്. ഇന്ന് അമേരിക്കയിൽ ക്നാനായ കത്തോലിക്കാ സംഘടനകൾ പ്രാദേശിക തലത്തിലും ദേശീയതലത്തിലും സജീവമാണല്ലോ.

നമ്മുടെ പഴയ കാലഘട്ടങ്ങൾ ഓർത്തു പോവുകയാണ്. അന്നു നാട്ടിൽ മുഴുവൻ ദാരിദ്ര്യമായിരുന്നു. ജനങ്ങൾക്കു പണിയില്ല. നമ്മുടെ രൂപത നയിച്ചിരുന്ന അഭിവന്ദ്യ മാർ ചൂളപ്പറമ്പിൽ പിതാവ് തന്റെ അജഗണങ്ങളുടെ ഈ ദുരവസ്ഥ കണ്ട് കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ്, മടമ്പം, പയ്യാവൂർ എന്നിവിടങ്ങളിൽ സ്ഥലം വാങ്ങിച്ചു. ഒരു നേരത്തെ ആഹാരത്തിനു പോലും വഴിയില്ലായിരുന്ന ക്നാനായ മക്കൾ എല്ലു മുറിയെ പണിയെടുത്ത് കൃഷി ചെയ്യുന്നതിനും കുടുംബം സംരക്ഷിക്കുന്നതിനുമായി പിതാവ് വാങ്ങിയ കുടിയേറ്റ മേഘലയിലേക്ക് യാത്രയായി. ആ പഴയ തലമുറക്കാർ കാടിനോടും കാട്ടുമൃഗങ്ങളോടും രോഗങ്ങളോടും പൊരുതി അദ്ധ്വാനിച്ച് ഉണ്ടായതാണ് കണ്ണൂർ, മടമ്പം, പയ്യാവൂർ, മാലക്കല്ല് എന്നിവടങ്ങളിൽ കാണുന്ന ക്നാനായ കുടിയേറ്റ കോളനികൾ. വീടുകൾവച്ചും, പള്ളികൾ, പള്ളിക്കുടങ്ങൾ, ആശുപത്രികൾ ഇവ പണിതും അങ്ങനെ ആ പഴയ തലമുറയുടെ കഠിന പ്രയത്നത്താൽ ഇന്നു കാണുന്ന സൗഭാഗ്യം കോട്ടയം അതിരൂപതയ്ക്കുണ്ടായി.

പിന്നീട് നമ്മുടെ ആൾക്കാർ അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറിത്തുടങ്ങി. ഇന്ന് നമ്മുടെ രൂപത വളരെയധികം വളർന്ന് അതിരൂപതയായി. ഓരോ പിതാക്കന്മാരുടെ കാലത്തും തന്റെ അജഗണങ്ങൾക്കുവേണ്ടി ധാരാളം സ്ഥാപനങ്ങൾ നേടിയെടുത്തു. പള്ളികൾ, പള്ളിക്കൂടങ്ങൾ, കോളേജുകൾ, ടെക്നിക്കൽ സ്കൂളുകൾ, ആശുപത്രികൾ, വൈദിക സെമിനാരികൾ, പ്രാർത്ഥനാലയങ്ങൾ, ചൈതന്യാ പാസ്റ്ററൽ സെന്റർ, അങ്ങനെ ആത്മീക മുന്നേറ്റം നമ്മുടെ രൂപതയിലും വളർന്നുകൊണ്ടിരിക്കുന്നു.

ചൈതന്യാ പാസ്റ്ററൽ സെന്ററിന്റെ പണി പൂർത്തിയാക്കി പ്രവർത്തനം തുടങ്ങിയ ആദ്യകാലഘട്ടം മുതൽ ബഹു. മുത്തോലത്തച്ചനായിരുന്നു ഡയറക്ടർ. നമ്മുടെ രൂപതയിലെ എല്ലാ കമ്മീഷനുകളും പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങുകളും അവിടെയാണു കൂടിയിരുന്നത്. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും അതിന്റെ ഇടവകതല യൂണിറ്റുകളുടെയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തി. സ്ത്രീകൾക്കുവേണ്ടി സ്വയാശ്രയ സംഘങ്ങൾ രൂപീകരിച്ചു. കുറഞ്ഞ കാലംകൊണ്ട് ബഹു. മുത്തോലത്തച്ചന്റെ ആത്മാർത്ഥമായ പ്രവർത്തനം എല്ലാവരുടേയും ശ്രദ്ധ പിടിച്ചുപറ്റി.

ഏതാണ്ട് 30 വർഷത്തെ സേവനാനുഭവം എന്റെ ഇടവകയായ കുറുപ്പന്തറ പള്ളിയിൽ എനിക്കുണ്ട്. ആ കാലഘട്ടത്തിൽ കൈക്കാരനായിട്ടും കെ.എസ്.എസ്.എസിന്റെ പ്രതിനിധിയായിട്ടും പാസ്റ്ററൽ കൗൺസിൽ മെമ്പറായും സേവനം ചെയ്തിട്ടുണ്ട്. അതിനാൽ പല പ്രാവശ്യം ചൈതന്യയിൽ പോകുന്നതിനും ബഹു. മുത്തോലത്തച്ചന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും അച്ചന്റെ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനും അവസരമുണ്ടായി. ബഹു. അച്ചന്റെ പ്രവർത്തനം കോട്ടയം രൂപതയിലെ ഓരോ ഇടവകയ്ക്കും പ്രചോദനം നല്കി. അതുകൊണ്ടായിരിക്കാം അദ്ദേഹത്തെ പിന്നീട് അമേരിക്കയിലേക്ക് അയച്ചത്.

ഇന്ന് അമേരിക്കയിൽ ഏറ്റവും കൂടുതൽ ക്നാനായക്കാർ താമസിക്കുന്നത് ചിക്കാഗോയിലാണല്ലോ. അവരുടെ വികാരിയായ ബഹു. മുത്തോലത്തച്ചൻ തന്റെ അജഗണങ്ങൾക്ക് ഇടവക ദൈവാലയം വേണമെന്ന് ആഗ്രഹിച്ചു. അഭിവന്ദ്യ മൂലക്കാട്ടു പിതാവ് ഇവിടെ വന്നപ്പോൾ ഇടവക ദൈവാലയത്തിന്റെ ആവശ്യകത അറിയിക്കുകയും ചെയ്തു. അങ്ങനെ അച്ചൻ അതിനുള്ള ശ്രമം ആരംഭിച്ചു. പല പള്ളികൾ കാണുകയും, മേവുഡിൽ ഇപ്പോഴുള്ള പള്ളി വാങ്ങിക്കുന്നതിനു തീരുമാനിക്കുകയും, വെഞ്ചരിപ്പിനുള്ള തീയതി നിശ്ചയിക്കുകയും ചെയ്തതനുസരിച്ച് നമ്മുടെ മെത്രാപ്പോലിത്തമാർ ഇവിടെ വന്നു. എന്നാൽ കൂടെ നിന്നിരുന്ന ഒരു വിഭാഗം ആൾക്കാർ എതിർത്തതുകൊണ്ടാണ് അന്ന് ആശീർവ്വാദം നടക്കാതെപോയത്.

മേവുഡിലെ പള്ളി സ്ഥിതിചെയ്യുന്ന സ്ഥലം മോശമാണ്, അവിടെ കറുത്തവർഗ്ഗക്കാരാണു താമസിക്കുന്നത്, അവർ കുറ്റവാസനയുള്ളവരാണ്, മദ്യവും മയക്കു മരുന്നുകളുടെയും കച്ചവടക്കാരാണ് എന്നൊക്കെയാണ് എതിർ വിഭാഗം പറഞ്ഞിരുന്നത്. ബഹു. അച്ചന്റെ തീഷ്ണമായ പ്രാർത്ഥനയും, കൂടെ നിന്നവരുടെ

*(Continued on page 5)*

*(Continued from page 3)*

മൂവ്മെന്റിന്റെ പേരിൽ എഴുതി തന്നിട്ടു പറഞ്ഞു: "എന്റെ അച്ചായന്റെ മരണവാർഷികം ഞാൻ ഈ വർഷം ആർഭാടമില്ലാതെ ആചരിക്കുകയാണ്. സദ്യയ്ക്കു പകരമായി ഈ പണം അച്ചനെ ഏല്പിക്കുന്നു. നാട്ടിലെ പാവപ്പെട്ടവരെ സഹായിക്കുവാൻ ഇത് ഉപയോഗിച്ചുകൊള്ളുക. ആ തുക നാട്ടിലെ നമ്മുടെ പിതാക്കന്മാരുമായി ആലോചിച്ച് അവർ നിർദ്ദേശിച്ച കാര്യങ്ങൾക്കായി മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലേയ്ക്ക് അയച്ചു കൊടുത്തു. സദ്യയേക്കാൾ ഇത്തരം ജീവകാരുണ്യ പ്രവർത്തനങ്ങളല്ലേ ദൈവസന്നിധിയിൽ സ്വീകാര്യം. **ചുരുക്കം ചിലർ മാമ്മോദീസാ, വിവാഹം, വീട്ടുവെഞ്ചരിപ്പ്, ഗ്രാജുവേഷൻ തുടങ്ങിയ അവസരങ്ങളിൽ ചിലവു ചുരുക്കി ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്നത് പ്രശംസനീയമാണ്.**

**നമ്മുടെ ജീവിതത്തിലെ വിശേഷാവസരങ്ങൾ പണക്കൊഴുപ്പു കാണിക്കുന്ന പൊങ്ങച്ച സഞ്ചികളാക്കാതെ വിശുദ്ധവും ലളിതവും പരോപകാര പ്രദവുമാക്കുവാൻ നമുക്കു ശ്രമിക്കാം. ആത്മീയ ചൈതന്യത്തോടെ ദൈവ സന്നിധിയിൽ പ്രീതികരമായ അത്തരം സംസ്കാരം നമുക്കു വളർത്തിയെടുക്കാം.**

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്

*(Continued from page 4)*

ശക്തമായ സഹകരണവുംകൊണ്ട് രണ്ടു മാസത്തിനു ശേഷം തിരുഹൃദയ നാമത്തിലുള്ള ദൈവാലയം വാങ്ങിക്കുകയും 2006 സെപ്റ്റംബർ 24ന് അത് ഇടവകയാവുകയും ചെയ്തു. അങ്ങനെ അമേരിക്കയിലെ ആദ്യ ക്നാനായ ദൈവാലയം ചിക്കാഗോയിൽ വാങ്ങിച്ചതിന്റെ സന്തോഷത്തിലാണ് ക്നാനായ മക്കൾ. ഇടവകക്കുവേണ്ടി എല്ലാ സംഘടനകളും ഇവിടെ സജീവമായി പ്രവർത്തിക്കുന്നു. കൈക്കാരന്മാരും മറ്റു വൊളന്റിയെഴ്സും സദാ കർമ്മോത്സുകരാണ്. അതുപോലെ നമ്മുടെ കുട്ടികൾക്കുവേണ്ടി വേദപാഠ ക്ലാസ്സുകളും ഭക്ത സംഘടനകളും പ്രവർത്തി ക്കുന്നു. ചെറിയ തിരുനാളുകളും, വലിയ തിരുനാളുകളും പല ധ്യാനങ്ങളും നടന്നു. കൂടാതെ ശാലോം റ്റി.വി. ടീമിന്റെ ധ്യാനവും നടന്നു. മൂലക്കല്ല് എന്നു .പറയുന്നത് കർത്താവിന്റെ തിരുസഭയാണ്. ആ സഭയിൽക്കൂടി സമുദായ ഐക്യമുണ്ടാകണം. അതിലൂടെ നമ്മൾ വളരുകയും ചെയ്യണം.

നമ്മുടെ പഴയ കാലഘട്ടം നാം ഓർക്കണം. നമ്മുടെ പൂർവ്വ മാതാപിതാക്കൾ മലബാർ പ്രദേശത്ത് കുടിയേറി കാടുകൾ വെട്ടിത്തെളിച്ച് വന്യ മൃഗങ്ങളോടും രോഗങ്ങളോടും പൊരുതി അവിടെ കൃഷിഭൂമി ഉണ്ടാക്കി ഏറെ കഷ്ടപ്പെട്ടാണു പള്ളികളും പള്ളിക്കൂടങ്ങളും നിർമ്മിച്ചത്. അത്രയുമുണ്ടോ പാലും തേനും ഒഴുകുന്ന എന്നു നാം കരുതുന്ന അമേരിക്കയിലെ മേവുഡ് എന്ന സ്ഥലം. അവിടെ ജീവിക്കുന്നത് മനുഷ്യരല്ലേ? വന്യമൃഗങ്ങളാണെങ്കിൽ ഈ മനുഷ്യർക്ക് സ്നേഹം കൊടുത്തുകൂടെ? എവിടെ ദൈവാലയം ഇരുന്നാലും ആ സ്ഥലവും അവിടുത്തെ ജനങ്ങളും വിശുദ്ധീകരിക്കപ്പെടും എല്ലാ അക്രമവാസനകളും മാറും നാം നന്നായാൽ മതി.

ഇനി എല്ലാം മറന്ന് ഒന്നുചേർന്ന് ബ. മുത്തോലത്തച്ചന്റെ നേതൃത്വത്തിൽ അടുത്ത പള്ളികൂടി നമുക്ക് സ്ഥാപിക്കാം. വൈദികന്റെ നേതൃത്വത്തിൽ ഒന്നിച്ചു പ്രാർത്ഥിക്കുകയും വിശുദ്ധ ബലി അർപ്പിക്കുകയും ഒന്നിച്ചു വചനം പങ്കു വെയ്ക്കുകയും ആശയ വിനിമയം ചെയ്യുമ്പോൾ അത് ദൈവാനുഭവമായി മാറും. അതാണ് ഇടവക കൂട്ടായ്മ.

തിരുവചനം പറയുന്നു. "നിന്റെ പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമാകട്ടെ." ക്നാനായക്കാർ എവിടെ ആയിരുന്നാലും ഒരുമിച്ചു നില്ക്കുവാനുള്ള വ്യഗ്രത ഇവിടെ പ്രാവർത്തികമാകട്ടെ. നിസ്സാര കാരണങ്ങളാൽ മാറിനില്ക്കുന്നവർ എല്ലാവരും ഒന്നായി ബഹു. മുത്തോലത്തച്ചന്റെ കരങ്ങൾക്ക് ശക്തി കൊടുക്കുക. നമുക്ക് ഇനിയും ധാരാളം നേട്ടങ്ങൾ നേടുവാൻ സാധിക്കും. അഭിവന്ദ്യ കർദ്ദിനാൾ മാർ വർക്കി വിതയത്തിലും ജേക്കബ് അങ്ങാടിയാത്തു പിതാവും കഴിഞ്ഞ പ്രാവശ്യം ഇവിടെ വന്നപ്പോൾ പ്രസംഗിച്ചത് നമ്മൾ കേട്ടതല്ലേ. ക്നാനായ സമുദായത്തോടു എത്ര സ്നേഹത്തോടെയാണ് അവർ പെരുമാറുന്നത്. നമുക്ക് ഇടവക ദൈവാലയം ഉണ്ടായതിൽ അവർക്ക് എത്തു സന്തോഷമാണുള്ളത്.

പിണക്കങ്ങൾ മറന്ന് വന്ന വഴികൾ മറക്കാതെ പാരമ്പര്യങ്ങളിൽ മുറുകെപ്പിടിച്ച് തന്റെ മാതാപിതാക്കന്മാരോടും ഗുരുക്കന്മാരോടും വൈദികരോടും പിതാക്കന്മാരോടും എതിർക്കാതിരിക്കുക. നമ്മുടെ ഇടവകയിൽ പ്രവർത്തിക്കുന്ന ഓരോ സംഘടനയും വൈദികനോടും സഭാമേലധികാരികളോടും യോജിച്ചു പ്രവർത്തിക്കണം. സംഘടകൾ അല്ല വലുത്. ഇടവകയും സമുദായവും സഭയുമാണെന്നോർക്കണം. ഇടവകയെ സംബന്ധിച്ച് ഇടവക വൈദികൻ ചലിച്ചാൽ ഇടവക ജനം ഇളകും. നമ്മുടെ ഇടവക പള്ളിയെ സംബന്ധിച്ച് ഇത് യാഥാർദ്ധ്യമായിരിക്കുകയാണ്.

നമ്മുടെ സമുദായ സംഘടനകളായ കെ.സി.എസും, കെ.സി.സി.എൻ.ഏ.യും നന്നായി പ്രവർത്തിക്കുന്നു. ഇടവക വൈദികരോടും സമുദായ അദ്ധ്യക്ഷനോടും ആലോചിച്ച് അവരുടെ കീഴിൽ നല്ല കാര്യങ്ങൾ ചെയ്യുക. അപ്പോൾ നാം ഒന്നാകും. എവിടെ ദൈവാലയം ഇരുന്നാലും ആ പ്രദേശവും അവിടുത്തെ ജനങ്ങളും വിശുദ്ധീകരിക്കപ്പെടും. ബഹു. മുത്തോലത്തച്ചന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരണം. ഇനിയും ഇടവക ദൈവാലയങ്ങൾ ഉണ്ടാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. അതോടൊപ്പം ഇടവകയിൽ പ്രവർത്തിക്കുന്ന എല്ലാ കമ്മറ്റിക്കാർക്കും നാം ശക്തി പകരണം.

*(കെ.റ്റി.മാത്യു കണ്ടാരപ്പള്ളിൽ, കുറുപ്പന്തറ. കോട്ടയം അതിരൂപതാ ക്നാനായ കാത്തലിക്ക് കോൺഗ്രസ് എക്സിക്യൂട്ടീവ് മെമ്പർ).*

## REMEMBER KNANAYA PARISH IN YOUR WILL

**To include our parish in your will/estate plan, the following language would be appropriate: "I give to Sacred Heart Knanaya Catholic Parish of Chicago, ________________ ( a specific amount or percentage of the residue of the estate) for use and benefit of this parish."**

## YOUTH CENTER PROJECT

**Please contribute generously for our Youth Center Project. The Fund Raising Committee is asked to contact you. Please bring your donation to the church so we can start the project on time.**



**Minimum expected contribution including the church fund is $5,000.**

## രണ്ടാമത്തെ പള്ളിയ്ക്കുവേണ്ടി സഹകരിക്കുക



പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ നാം സ്ഥാപിക്കുവാനുദ്ദേശിക്കുന്ന നമ്മുടെ രണ്ടാമത്തെ ദൈവാലയത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ഈ കൊന്ത മാസത്തിൽ സെന്റ് മേരീസ് പള്ളി ഫണ്ടിലേയ്ക്ക് ഉദാരമായി സംഭാവന ചെയ്യുക. ഫണ്ടു സമാഹരണത്തിനു വിപുലമായ കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്. കെ.സി. എസ്. നമ്മുടെ ഇടവകയ്ക്ക് ആവശ്യമായ സ്ഥലം നല്കുന്ന പക്ഷം ഹോഫ്മാൻ എസ്റ്റേറ്റിൽ പള്ളി നിർമ്മിക്കുവാൻ ശ്രമിക്കുന്നതാണ്.

# Attention High School Sophomore and Junior Youth

# Prep smarter, score higher with improved skills

## Knanaya Catholic Youth Ministry presents:

## ACT Preparatory Course

Super Value

73% discount

Sacred Heart Parish will be launching its very first ACT course from October to January of this year. The class was created in response to student enthusiasm after an SAT/ACT workshop was conducted over the summer. The course will be modeled after The Princeton Review ACT and taught by former ACT tutor, Tony Kanjirathumkal. The materials and techniques taught come from one of the top test prep companies in the nation. The class will meet 6 times over the next 4 months in preparation for Spring ACT test dates. Each class will last 3 hours and will take place at Sacred Heart after mass. Registration packets will be distributed after mass in the coming weeks. The $200 fee for the course, which is valued at over $700, will include the price of textbooks. Any remaining proceeds will benefit our youth center project.

For more information, please contact:
Tony Kanjirathumkal 630-803-7800 or
Sabu Mutholam 708-307-1795

### ഉപകാര സ്മരണ



പരിശുദ്ധ ഗ്വഡലൂപ്പെ മാതാവിന്റെ അനുഗ്രഹത്താൽ ലഭിച്ച അനുഗ്രഹത്തിനു നന്ദി.

- ഒരു വിശ്വാസി

### PIGGY BANK



Please use the piggy bank to support our Youth Center Project. We thank the donor of piggy banks and request you to pray for donor's intentions.

### Ushers at Sacred Heart



| October 14 | October 21 |
|---|---|
| MALAYALAM MASS<br>Sherry Kulathilkarottu<br>Soumya Kulathilkarottu<br>Vinitha Padinjath<br>Amal Vellapally | MALAYALAM MASS<br>Jithin Kaduthodil<br>Sherry Kulathilkarottu<br>Soumya Kulathilkarottu<br>Kichu Maliackalthara |
| ENGLISH MASS<br>JoAnn Puthenpurayil<br>Stephanie Vanchipurackal | ENGLISH MASS<br>Jerry Thekkeparambil<br>Seejo Valacheril |

### READERS / LECTORS — ഏലിയാ-ശ്ലീവാ-മൂശാ കാലം

| October 14 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S at OLV |
|---|---|---|---|---|
| 1st Reading | 2 Kings 5:14-17 | Joy Muthukattil | Steffy Idiyalil | Siona Viruthikulangara |
| 2nd Reading | 2 Timothy 2:8-13 | Annama Manjankal | Joel Chakkalakel | Shama Chakkalapadavil |
| October 21 | | | | |
| 1st Reading | Exodus 17:8-13 | Roy Kannothara | Elizabeth Nellamattathil | Tobin Valliparampil |
| 2nd Reading | 2 Tim. 3:14 - 4:2 | Valsamma Kulathilkarote | Jobin Aikkaraparambil | Justin Madayanakavil |

Family Commission of

**Sacred Heart Knanaya Catholic Parish**

In association with the Knanaya Catholic Region of the U.S. offers

# MARRIAGE PREPARATION COURSE

**Venue: Sacred Heart Knanaya Catholic Parish**
**Time: Friday November 23rd, 6 P.M. - 9 P.M.**
**Saturday November 24th 9 A.M. - 7 P.M.**
**Sunday November 25th 10 A.M. - 4 P.M.**
**Please reserve in advance by contacting**
**Tonny Pullappally @ 1-630-205-5078**





Priests of Knanaya Region visiting the place near our Knanaya Cemetery where many believe that Our Lady appears


*Best compliments from* *The Mutholath Family*



**Pro-Rehab Services, P.C.**

**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463, (708) 489 6PRS
9518 W. 179th Street, Tinley Park, IL 60487
*www.pro-rehabservices.com*

**Choicecare Home Health, Inc.**

**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
9520 W. 179th St., Tinley Park, IL 60487
(708) 633-8600, *www.choicecarehh.com*

Medicare Certified, most insurance accepted.

**Gaanam Videos & Photos Edukkutharayil**

**Professional Touch**



**with Latest Technology.**



*ANIL*
*Cell: 630-202-5969*
*Res: 847-827-7827*

**Chilli's garden**
The Indian taste

**Dine in, Carryout & Catering**
Free Home Delivery
**847-296-0777**
8971, N. Potter Road
Desplaines IL 60016

Cyril Kattapuram 224-717-0376

**ST. MICHAEL'S TOWING**
24 HOUR ROADSIDE ASSISTANCE
**1-866-JOE-4-TOW**

**POWER WASH 847-568-1500**
4002 W. Chicago, IL
7736 W. Dempster, Morton Grove, IL



**JOY CHEMMACHEL**
**312-560-1600**


Please support our advertisers to support us.




**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS

7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com

* Free Electronic Filing *
* Refund in 24 Hours *

**Professional with 11 years experience in catering.**

YOU INVITE THE GUESTS, WE DO THE REST

**Malabar**
Catering &Carry-out

Call
**WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail: malabarcat@yahoo.com

*We put our money where our mouth is*



Free Refinanceing !!!!!
Loan amount up to 100%
No credit, Poor credit - No Problem !
buy new home/investment property

Citywide Mortgage of America Corp.

Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com

ക്രെഡിറ്റ് ഇല്ലേ ... സാരമില്ല
ക്രെഡിറ്റ് മോശം ... സാരമില്ല
100% ലോൺ നൽകപ്പെടും
പുതിയ വീട് വാങ്ങണോ...
ഇപ്പോൾ വിളിക്കൂ (847) 814-3949

**COLDWELL BANKER**

**MARTIN & MARBRY**
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: **Zachariah Chacko (Zach)**
(A Friendly Realtor)



**Find out how much your dream home is worth today?**
**4632 W. Church St., Skokie, IL 60076**
**(847) 677-1200 (Business)**
**(847) 551-7386 (Pager)**
**(847) 374-5031 (Voice Mail)**

EQUAL HOUSING LENDER

**ROYAL TRAVEL SERVICE**

3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625
TEL: (773) 509-9600, FAX: (773) 509-1196

*KUWAIT AIRWAYS * AIR INDIA * MALAYSIAN * SWISS AIR * BRITISH AIRWAYS * LUFTHANSA AIR FRANCE * KLM * SINGAPORE AIR, ETC.,

**YOUR KNANAYA TRAVEL AGENCY**

CONTACT: JOSE KORATTIYIL, JAY KALAYIL, CHERIAN VENKADATHU

**Greetings to Knanaya Catholic Parish Chicago**



SERVING THE MALAYALEE COMMUNITY SINCE 1982

Personal Injury • Wrongful Death • Medical Negligence • Car Accidents • Slip and Fall • Work Injuries

*Your Call is Always Welcome*

# Attorney Steve Crifase

**312-855-0511**

**8 South Michigan, Suite 2000, Chicago, Illinois 60603**

*Dupage County Office and Home Visits Available*

**J & J REMODELING**

"Where work is a piece of art."

Call Us For Remodeling Your



* Kitchen
* Bathroom
* Basement
* Bedroom

**Jose Korattiyil**
Res: (847) 933-9509
Cell: (847) 293-6211

CLARK · Shell · Gas DEPOT · MARATHON · CITGO

Gasoline distribution throughout the Midwest

***Your KNANAYA Gasoline Jobber***

**Gas Depot Oil Co.**
IL 60053
847-581-0303 (Off)
847-581-0309 (Fax)
**www.gasdepot.com**

# Cottage Hill
Real Estate, Inc.

Delivering more than we promise!!



George Mathews
Realtor

109 S. Adell Place
Elmhurst, IL 60126

Cell 630.935.0328
Office 630.758.0540
Fax 630.758.0530
Email: gmathews@cottagehill.info

# RN Review

Comprehensive Review
Free make-up classes
Individualized Coaching
Full Length Practice Tests
Convenient location

**ExcelRn**
1460 Renaissance
Ste # 208
Park Ridge IL 60068
**Call : (630) 742 7202**

**www.excelrn.com**




**LINCOLNWOOD MORTGAGE SERVICES, INC.**



**4039 W. Main St., Skokie, IL 60076**
**Phone: 847-674-1600**
**Fax: 847-674-1608**
*For all your Mortgage Services*
**Please contact: Benny Kuriakose (Kanjiraparayil)**
Phone: 847.583.1245, Pager: 773.258.1301.
**PURCHASE, REFINANCES, FIXED, ADJUSTABLE**
**We offer fast approvals**

Home Dream Home !!!
To fulfill your sweet dream Call today & experience the difference !!!

Shaji Nirappil
Office: (630) 539-7076
Fax: (630) 833-6747
Cell: (630) 886-1044
Email: shajinirappil@hotmail.com



Avian Realty
Serving You More For Less

Specialties include residential, Commercial & Gas Stations in and around Chicago land area.

**SPACE AVAILABLE FOR YOUR ADVERTISEMENT**

**FOR ALL YOUR PERSONAL AND BUSINESS TAX SERVICES**



**TOMY NELLAMATTAM**
619 N. Milwaukee Ave., Suite 25
Glenview, IL 60025.
847-486-4112 (Off)
847-302-8556 (Cell)
847-724-3247 (Fax)

**CITYWIDE JMW REALTY INC.**



**4313 W. Irwing Park, Chicago, IL 60641**

**ALEX MULLAPPALLIL**
REALTOR CONSULTANT
Tel: 773-286-6200 * Cell: 847-208-6657
Res: 847-679-9431 * Fax: 773-286-9516

Specializing in: Gas Stations, Investments, Commercial, & Residential.

WE ARE COMMITTED TO EXCELLENCE



Sofi Lukose Puthenpurayil
Cell: 847-894-7486

Cyriac Lukose Puthenpurayil
Cell: 847-877-2870

RESIDENTIAL & COMMERCIAL

RE/MAX




**CitizensBank&Trust**
5700 N. Central Ave. Chicago, IL 60646

**YOUR COMMUNITY BANK!**
**WE ARE HERE FOR ALL YOUR NEEDS!**
***Commercial * Residential * Investments***

**ANNA G. LES**
ASSISTANT VICE PRESIDENT
Main: 773.763.6200
Email: annales@cbtoc.com

FDIC
FEDERAL DEPOSIT INSURANCE CORPORATION

EQUAL HOUSING LENDER



**JAMES KATTAPURAM**
**Cell: 630-202-1002**
**Res: 630-307-1518**
**100% Customer Service**

Citywide Mortgage of America Corp.

***4305 W. Irving Park, Chicago, IL 60641***
***Tel: 773.286.6200***
Specializing in:
*Existing Residential
* New Construction
* Commercial / Investment
For a Buyer / Seller Consultation
For a Free Market Analysis
For a Free Pre-Qualification